IV. **മുന്നൂറു** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങളിൽ നിന്ന് **മൂന്നെണ്ണത്തിന്** ഉത്തരമെഴുതുക (വെയിറ്റേജ് – 4). **(4×3=12 വെയിറ്റേജ്)**

17) 'നൃത്തം' എന്ന നോവലിനെ ആസ്പദമാക്കി മലയാളത്തിലെ സൈബർ നോവലുകളെ പരിചയപ്പെടുത്തുക.

18) യാഥാസ്ഥിതിക മൂല്യസങ്കല്പങ്ങളെ തിരുത്തിക്കുറിച്ച നോവലാണ് 'ഖസാക്കിന്റെ ഇതിഹാസം' – ചർച്ച ചെയ്യുക.

19) ആലാഹയുടെ പെൺമക്കൾ, ചോരശാസ്ത്രം, ആടുജീവിതം എന്നീ കൃതികളെ അടിസ്ഥാനമാക്കി ആഖ്യാനകലയുടെ സമകാല സ്വഭാവം വിവരിക്കുക.

20) നമ്പൂതിരി സമുദായത്തിലെ ചില വിഡ്ഢികളെ മാത്രമേ ചന്തുമേനോൻ പരിഹസിക്കുന്നുള്ളൂ – പരിശോധിക്കുക.

---

K15U 0040

Reg. No. : ..............................

Name : ..............................

## III Semester B.A. Degree (CCSS-Supple./Improve.) Examination, November 2015
## CORE COURSE IN MALAYALAM
## 3 B 04 MAL : നോവൽ സാഹിത്യം
## (2012-13 Admissions)

Time : 3 Hours  Max. Weightage : 30

I. താഴെ കൊടുത്തിരിക്കുന്ന **അഞ്ചു**വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക (**ഓരോ** വിഭാഗത്തിന്റെയും മൂല്യം – 1). **(4×1=4 വെയിറ്റേജ്)**

1) ഒറ്റവാക്കിൽ ഉത്തരമെഴുതുക.

എ) ഇന്ദുലേഖയെ എന്ന വ്യാജേന സൂരി നമ്പൂതിരിപ്പാട് സംബന്ധം ചെയ്തു കൊണ്ടു പോയ പെൺകുട്ടിയുടെ പേരെന്ത് ?

ബി) ഇന്ദുലേഖയിൽ ശിലാഖണ്ഡം പോലെ ഉയർന്നു നിൽക്കുന്നതായി വിശേഷിപ്പിക്കപ്പെട്ട അദ്ധ്യായം ഏത് ?

സി) ഇതിഹാസത്തിന്റെ ഇതിഹാസം ആരുടെ കൃതിയാണ് ?

ഡി) എം. ടി. വാസുദേവൻ നായരുടെ ബോധധാരാ നോവലേത് ?

2) താഴെപ്പറയുന്ന വാക്യങ്ങൾ ഏത് നോവലിൽ നിന്നെന്ന് എഴുതുക.

എ) ''ഈ വാതിലിങ്ങനെ തുറന്നിട്ടിരുന്നാൽ കണ്ടവർ കേറി, പൊന്നുതമ്പുരാന്റെ മുതലിനെ കൊണ്ടുപോകുല്ലയോ ? അതുകൊണ്ട് മാമനു ചേതമില്ലെന്നായിരിക്കാം''.

ബി) ''വെള്ളത്ത കുഞ്ഞാറത്തിന്റെ തുളഞ്ഞു കേറുന്ന ഒച്ചയുടെയും തെറിയുടെയും അടുത്ത് ഏത് കൊച്ചാപ്പേട്ടന്റെ ഉമ്മക്കും ജയിക്കാൻ കഴിയില്ല.''

P.T.O.

സി) ''ഓന്തുകൾ മനുഷ്യന്റെ ചോരയീമ്പുന്നവരാണ്. കുടിക്കണമെന്നില്ല. നോക്കിയാൽ മതി. നോക്കി നോക്കി കാറ്റിലൂടെ വലിച്ചെടുത്ത കുരുതി നുണഞ്ഞിറക്കുമ്പോഴാണ് ഓന്തു തലയാട്ടുക.''

ഡി) ''ആ 'അതെ' എന്ന വാക്ക് ഇടിത്തീയിനു സമം : ഇടിത്തീ തന്നെ, മാധവന്റെ മുഖവും ദേഹവും കരിഞ്ഞു കരുവാളിച്ചു പോയി. കാർക്കോടകൻ കടിച്ചപ്പോൾ നളനു വൈരൂപ്യം വന്നതുപോലെ എന്നു പറയാം''.

3) ചേരും പടി ചേർക്കുക.

| | |
|---|---|
| എ) ധർമ്മരാജാ | എ) ആനി |
| ബി) അയൽക്കാർ | ബി) പക്കീർസാ |
| സി) ആലാഹയുടെ പെണ്മക്കൾ | സി) നൈജാമലി |
| ഡി) ഖസാക്കിന്റെ ഇതിഹാസം | ഡി) പത്മനാഭപിള്ള |

4) പൂരിപ്പിക്കുക.

എ) 'മഹാനുഭവോ വിഡ്ഢിശ്ശേൽ ശുദ്ധ ഇത്യഭിധീയതേ'– എന്ന പ്രമാണം വെടുപ്പായി ചേരുന്ന ശുദ്ധൻ ആണ് ___________

ബി) മഞ്ഞവെയിൽ മരണങ്ങൾ ___________ ന്റെ കൃതിയാണ്.

സി) വൃദ്ധസിദ്ധൻ, പക്കീർസാ എന്നീ വേഷങ്ങളിൽ 'ധർമ്മരാജാ'യിൽ പ്രത്യക്ഷപ്പെടുന്നത് ___________ ആണ്.

ഡി) ''ആലാഹയുടെ പെണ്മക്കളിൽ പശ്ചാത്തലമാകുന്ന പ്രദേശത്തിന്റെ പേര് ___________ എന്നാണ്.

5) താഴെപ്പറയുന്ന രചനകളുടെ കർത്താവിന്റെ പേരെഴുതുക.

എ) മാറ്റാത്തി

ബി) മാറുന്ന മലയാളനോവൽ

സി) ധർമ്മപുരാണം

ഡി) രാമരാജബഹദൂർ



II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക (വെയിറ്റേജ് – 1). **(4×1=4 വെയിറ്റേജ്)**

6) മലയാളി വേഷം കെട്ടിച്ച മദാമ്മയാണ് ഇന്ദുലേഖയെന്ന അഭിപ്രായത്തെ നിരൂപിക്കുക.

7) 'ചോരശാസ്ത്ര'ത്തിലെ പ്രൊഫസറുടെ സ്വഭാവം വിശദമാക്കുക.

8) ''വിലങ്ങണിഞ്ഞ എൺപത് ആടുകളെ ഒരു മസറയിലേക്ക് ആട്ടിത്തെളിച്ചു കയറ്റുന്നതായിട്ടാണ് എനിക്കപ്പോൾ തോന്നിയത്. അതിൽ ഒരാട് ഞാനായിരുന്നു!'' സന്ദർഭമേത് ? വിശദീകരിക്കുക.

9) ''ഖസാക്കിന്റെ ഇതിഹാസം'' എന്ന പേരിന്റെ പ്രസക്തിയെന്ത് ?

10) ''ഞങ്ങക്ക് അത്തൊഴിലില്ല സ്വാമി. നേർകത്തി കുറുന്തടി, കവൺകല്ല്, അവനോങ്കയ്യ് – ഈ വകകൊണ്ട് വെല്ലാക്കാര്യം വേണ്ടേ വേണ്ടെന്നു വച്ചേക്കാം'' – ആരുടെ വാക്കുകൾ ? സന്ദർഭമേത് ?

III. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ നിന്നും **അഞ്ചെണ്ണ**ത്തിന് ഉത്തരമെഴുതുക (വെയിറ്റേജ് – 2). **(5×2=10 വെയിറ്റേജ്)**

11) രവിയും പത്മയും തമ്മിലുള്ള ബന്ധത്തിന്റെ സ്വഭാവം വിവരിക്കുക.

12) 'മാമാവെങ്കിടന്റെ' സ്വഭാവത്തെക്കുറിച്ച് കുറിപ്പെഴുതുക.

13) റൊമാന്റിക് അംശങ്ങളെയും റിയലിസ്റ്റ് അംശങ്ങളെയും ഉദ്ഗ്രഥിക്കാനുള്ള ദേവിന്റെ വൈഭവം അസാധാരണമാണ് – 'അയൽക്കാരെ' മുൻനിർത്തി പരിശോധിക്കുക.

14) ഒരു പുതിയ ആഖ്യാന തന്ത്രമാണ് വി. ജെ. ജയിംസ് ചോരശാസ്ത്രത്തിലൂടെ അവതരിപ്പിക്കുന്നത് – പരിശോധിക്കുക.

15) നൃത്തം എന്ന നോവലിലെ കഥാപാത്രങ്ങളെ പരിചയപ്പെടുത്തുക.

16) 'ആലാഹയുടെ പെണ്മക്കൾ' എന്ന നോവലിനെ ശ്രദ്ധേയമാക്കുന്നത് അതിലെ മാന്ത്രികശക്തിയുള്ള ഭാഷയാണ്. – പരിശോധിക്കുക.